"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- ആരോഗ്യ വകുപ്പ്- ജീവനക്കാര്യം- ഡോ. ഷെഹർഷ.എം.എസ്, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)- ജോലിക്രമീകരണ വ്യവസ്ഥയിലെ നിയമനം- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2977/2025/H&FWD തീയതി,തിരുവനന്തപുരം, 30-09-2025

---

പരാമർശം:-

1. 30.09.2024 തീയതിയിലെ സ.ഉ. (സാധാ) നം.2320/2024/H&FWD
2. ഡോ.ഷെഹർഷ.എം.എസ് സമർപ്പിച്ച 21-08-2025 തീയതിയിലെ അപേക്ഷ
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 16-09-2025 തീയതിയിലെ DHS/6318/2024-EB3 നമ്പർ കത്ത്

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) ഡോ. ഷെഹർഷ.എം.എസ്-ന് പരാമർശം (1) പ്രകാരം ജോലിക്രമീകരണ വ്യവസ്ഥ ഇനി ദീർഘിപ്പിച്ച് നൽകുന്നതല്ല എന്ന വ്യവസ്ഥയിൽ തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ജോലിക്രമീകരണം നൽകിയിരുന്നു. ആരോഗ്യസ്ഥിതി വളരെ മോശമായതിനാൽ വീടിന് സമീപമുള്ള തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലോ , പേരൂർക്കട ജില്ലാ മോഡൽ ആശുപത്രിയിലോ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകണമെന്ന് അഭ്യർത്ഥിച്ച് ഡോ.ഷെഹർഷ.എം.എസ്. പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) ഡോ.ഷെഹർഷ.എം.എസ്-ന് അനുകമ്പാർഹമായ പരിഗണന നൽകി പേരൂർക്കട ജില്ലാ മോഡൽ ആശുപത്രിയിലേയ്ക്ക് ഇനി അനുവദിക്കേണ്ടതില്ല എന്ന വ്യവസ്ഥയിൽ ഉത്തരവ് തീയതി മുതൽ മൂന്ന് മാസത്തേയ്ക്ക് മാത്രമായി ജോലിക്രമീകരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം
ഡോ ഷെഹർഷ എം എസ് , ജൂനി്യർ കൺസൾട്ടന്റ് (ഗൈനക്കോളജി)
(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ (File No. A2/468/2025-HEALTH)

്ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
സെക്ഷൻ ഓഫീസർ
Date: 30-09-2025 11:33:50

<u>മേലെഴുത്ത് കത്ത് നം.DHS/6318/2024-EB3 തീയതി06-10-2025</u>

സർക്കാർ ഉത്തരവിൻറെ പകർപ്പ് അറിവിലേക്കും അനന്തരനടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Reena K J
Date: 06-10-2025 07:44:16

ആരോഗ്യവകുപ്പ് ഡയറക്ടർ